# പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2410

19/03/2015-ൽ മറുപടിക്ക്

## സ്കൂൾ കോളേജ്തല രോഗപ്രതിരോധ നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.റ്റി.യു. കുരുവിള<br>ശ്രീ.സി.എഫ്.തോമസ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും<br>ദേവസ്വവും വകുപ്പുമന്ത്രി) |
| എ) നിർമ്മാർജ്ജനം ചെയ്യപ്പെട്ട പല രോഗങ്ങളും തിരികെ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിനെതിരെ എന്ത് നടപടികളാണ് സ്വീകരിച്ച് വരുന്നത്; | എ) ഭൂമുഖത്ത് നിന്ന് നിർമ്മാർജ്ജനം ചെയ്യപ്പെട്ട സ്മാൾപോക്സ് അഥവാ വസൂരി എന്ന പകർച്ച വ്യാധി തിരിച്ച വന്നിട്ടില്ല. പോളിയോ രോഗം നിർമ്മാർജ്നം ചെയ്യപ്പെടാറായിക്കഴിഞ്ഞു. കേരളത്തിൽ നിന്നും 1965-കളിൽ നിവാരണം ചെയ്യപ്പെട്ട മലമ്പനി, മൂന്ന നാല്പ വർഷങ്ങൾക്ക ശേഷം തിരിച്ചെത്തി. മലമ്പനി കൂടുതൽ ഉള്ള സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്കും തിരിച്ചും വിവിധ ആവശ്യങ്ങൾക്ക് ജനങ്ങൾ പോയി വരുന്നതാണ് മലമ്പനി തിരിച്ച വരാൻ കാരണം. പനി ബാധിതരുടെ രക്തം പരിശോധിച്ച് മലമ്പനി ബാധയുണ്ടെന്ന് ബോധ്യമായാൽ ഉടൻ ചികിൽസ നൽകുകയും കൊതുക നശീകരണമുൾപ്പെടെ മറ്റ് നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്ത വരുന്നു.<br>മറ്റ് പകർച്ച വ്യാധികളായ ഡെങ്കിപ്പനി, ചിക്കൻഗുനിയ, എലിപ്പനി, ചെള്ളുപനി, എച്ച്1 എൻ1, ടൈഫോയ്ഡ് തുടങ്ങിയവ ഒന്നും തന്നെ നിർമ്മാർജ്ജനം ചെയ്യപ്പെട്ട രോഗങ്ങളല്ല. |

എന്നിരുന്നാലും ഇവ പ്രതിരോധിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ഓരോ വർഷവും പകർച്ചവ്യാധി പ്രതിരോധ നിയന്ത്രണ കർമ്മ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. മഴക്കാല പൂർവ്വ ശുചീകരണം, കൊതുകിന്റെ ഉറവിട നശീകരണം, ജല ശുദ്ധീകരണം, ബോധ വൽക്കരണം തുടങ്ങിയവയോടൊപ്പം രോഗ നിരീക്ഷണം, കൊതുക നിരീക്ഷണം എന്നിവയും, രോഗം വരുന്ന സ്ഥലങ്ങളിൽ ഊർജ്ജിത രോഗ നിയന്ത്രണ പ്രവർത്തനങ്ങളോടൊപ്പം രോഗികൾക്ക് ശരിയായ ചികിൽസയും നൽകി വരുന്നുണ്ട്.

ബി) സംസ്ഥാനത്തെ സ്കൂൾ-കോളേജ് തലങ്ങളിൽ വ്യക്തി ശുചിത്വവും പരിസര ശുചിത്വവും സംബന്ധിച്ച് വിദ്യാർത്ഥികൾക്ക് അവബോധം നല്കുന്നതിനും പകർച്ച വ്യാധികൾക്ക് എതിരെ ജാഗ്രത പുലർത്തുന്നതിനും ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ പ്രത്യേക പദ്ധതി നടപ്പാക്കുമോ;എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?;

ബി)

- പകർച്ചവ്യാധി പ്രതിരോധ കർമ്മ പരിപാടിയിൽ വിദ്യാഭ്യാസ വകുപ്പ് അനുവർത്തിക്കേണ്ട കാര്യങ്ങൾ വിവിധ തലങ്ങളിൽ ചർച്ച ചെയ്ത് അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ പ്രസ്തുത വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കുന്നുണ്ട്.
- ആരോഗ്യ വകുപ്പിലെ മെഡിക്കൽ ഓഫീസർമാരും മറ്റ് ഫീൽഡ് തല ഉദ്യോഗസ്ഥരും, സ്കൂളുകളിലും കോളേജുകളിലും അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും വിദ്യാർത്ഥി ക്ലബുകൾക്കും മറ്റും ആവശ്യമായ പരിശീലനം, ആരോഗ്യ ബോധവൽക്കരണ പ്രദർശനം, ബോധ വൽക്കരണ ക്ലാസ്സുകൾ തുടങ്ങിയവ നടത്തുന്നു.
- സ്കൂൾ അസംബ്ലിയിൽ ആരോഗ്യ ബോധവൽക്കരണ പ്രതിജ്ഞകൾ എടുപ്പിക്കുന്നു.

- രോഗ പ്രതിരോധ പ്രവർത്തനങ്ങൾ സംബന്ധിച്ച് ചെറിയ പ്രോജക്ടുകൾ കുട്ടികളെകൊണ്ട് ചെയ്യിക്കുന്നു.
- സ്കൂളിലും, വീട്ടിലും, പരിസരത്തും ആഴ്ചയിൽ ഒരിക്കൽ ഡ്രൈ ഡേ ആചരണം നടത്തുവാൻ കുട്ടികളെ പ്രാപ്തരാക്കി ചെയ്യിപ്പിക്കുന്നു.
- എൻ.എച്ച്.എം വഴി നിയമിതരായ സ്കൂൾ ഹെൽത്ത് ജെ.പി.എച്ച്.എൻ മാരും കുട്ടികൾക്ക് വേണ്ട അവബോധവും മറ്റ് സഹായങ്ങളും നൽകുന്നു.
- ആരോഗ്യ വകുപ്പിന്റെ സ്ക്വാഡുകൾ സ്കൂളുകളിൽ ശുചിത്വ പരിശോധന നടത്തി നടപടികൾ സ്വീകരിക്കുന്നു.
- വിദ്യാർത്ഥികൾക്ക് വരുന്ന പകരുന്ന രോഗങ്ങൾ മുൻകൂട്ടി കണ്ടു പിടിച്ച് അവയ്ക്കുള്ള ചികിൽസയും, നിയന്ത്രണ നടപടികളും സ്വീകരിച്ചു വരുന്നു.

(signature)

**സെക്ഷൻ ഓഫീസർ**